കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുളക്കട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എൽ.എം/പി.11/391/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി – 17/06/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുളക്കട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുളക്കട ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളക്കട ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കുളക്കട ഗ്രമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം ജില്ല.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ/കെ.എൽ.എം/പി11/391/2020, തിയതി :17/06/2020

## കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കുളക്കട ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.01.2019 മുതൽ 31.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 07 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ. സൈമൺ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-01-2019 മുതൽ 23-01-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. അജി. കെ. എസ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ. പ്രദീപ് കുമാർ. പി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി. സിജാറാണി. എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സി. ചന്ദ്രപ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ജി. സരസ്വതി | 01-04-2018മുതൽ 31-03-2019വരെ |
| സെക്രട്ടറി | ശ്രീ. എം. മുരളീധരൻ | 01-04-2018മുതൽ 05-04-2018വരെ |
| | ശ്രീ. ആർ. സുരേഷ് കുമാർ (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 06-04-2018മുതൽ 18-04-2018വരെ |
| | ശ്രീ. റ്റി. സുരേഷ് കുമാർ | 19-04-2018മുതൽ 20-06-2018വരെ |
| | ശ്രീ. ആർ. സുരേഷ് കുമാർ (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 21-06-2018മുതൽ 24-06-2018വരെ |
| | ശ്രീമതി. ജെ. മേരിലത | 24-06-2018മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ആർ. സുരേഷ് കുമാർ | 01-04-2018മുതൽ 09-11-2018വരെ |
| | ശ്രീ. ജോസ് കുമാർ റ്റി. ഐ | 10-11-2018മുതൽ 31-03-2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. അനിത. എസ്. | 01-04-2018മുതൽ 31-03-2019 വരെ |
| വി.ഇ.ഒ | ശ്രീ. മുരളി. എം. പിള്ള | 1-04-2018മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ്- സൂപ്പർവൈസർ | ശ്രീമതി. ലാലി. റ്റി. എസ്. | 1-04-2018മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഗണേഷ് കുമാർ. പി | 01-04-2018മുതൽ 31-03-2019 വരെ |
| വെറ്റിനറി സർജൻ | ഡോ. ബെന്നി സാമുവൽ | 01-04-2018മുതൽ 15-09-2018 വരെ |
| | ഡോ. മനോജ് ജോൺസൺ | 16-09-2018മുതൽ 31-03-2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ലക്ഷ്മി. എം | 1-04-2018മുതൽ 31-03-2019വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. നിഷാകുമാരി | 01-04-2018മുതൽ 25-04-2018 വരെ |
| | ഡോ. അഞ്ജുവിജയൻ | 26-04-2018മുതൽ 18-09-2018 വരെ |
| | ഡോ. നിഷാകുമാരി | 19-09-2018മുതൽ 16-10-2018 വരെ |
| | ഡോ. അഞ്ജുവിജയൻ | 17-10-2018മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | 1-04-2018മുതൽ 31-03-2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. സരള. എ | 1-04-2018മുതൽ 31-03-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. മീര | 1-04-2018മുതൽ 31-03-2019 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അപാകതകൾ | 1-11 |
| 12 | തുമ്പൂർമൂഴിമോഡൽ എയറോബിക് ബിൻ സ്ഥാപിക്കൽ | 1-12 |
| 13 | ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 14 | പകൽവീട് നിർമ്മാണം-സ്ഥലത്തിൻറെ ഉടമസ്ഥത ഉറപ്പാക്കാത്തതിനാൽ പ്രോജക്ട്ക്യാൻസലായി | 1-14 |
| 15 | സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടില്ല. | 1-15 |
| 16 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറിയ്ക്ക് 2 | 1-16 |

| | | |
|---|---|---|
| | വർഷമായി വാടക ഈടാക്കുന്നില്ല. | |
| 17 | മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനം പദ്ധതി - രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-17 |
| 18 | കെട്ടിട നികുതി നിർണ്ണയിക്കൽ- ഫയൽ ഹാജരാക്കിയിട്ടില്ല. | 1-18 |
| 19 | ബേബി ഫ്രണ്ട് ലി ടോയ്ലറ്റ് നിർമ്മാണം-അപാകതകൾ | 1-19 |
| 20 | സ്മാർട്ട് ക്ലാസ്റൂം:(പ്രോജക്ട് നം: S0219) സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി 115440 / - രൂപായുടെ അധിക ചെലവ്. | 1-21 |
| 21 | കൃഷി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ 1000/-രൂപായുടെ ചെലവ് നിരാകരിക്കുന്നു 7000/-രൂപായുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1 -21 |
| 22 | എം.എൻ.ആർ.ഇ.ജി.എസ് പദ്ധതികൾ വിഭാവനം ചെയ്യുന്നതിലും നടപ്പിൽ വരുത്തുന്നതിലും അപാകതകൾ | 1-22 |
| 23 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു. | 1-23 |
| 24 | അധികൃതരുടെ അനാസ്ഥ- പ്രോജക്ട്നടപ്പായില്ല. | 1-25 |
| 25 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-26 |
| 26 | കോഴി വിതരണം നടത്തിയിട്ടില്ല | 1-27 |
| 27 | സർക്കാർ നിർദ്ദേശിച്ചിട്ടില്ലാത്ത ഇനത്തിന് എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകി | 1-28 |
| 28 | നമ്പിമൺകടവ് തൂക്കുപാലം അറ്റകുറ്റപ്പണി:പ്രോജക്ട് നമ്പർ155/19, പദ്ധതി നടത്തിപ്പിൽ നിന്നും പഞ്ചായത്ത് പിന്മാറി- മുൻകൂർ നൽകിയ 677149/- രൂപ തിരികെ കിട്ടിയിട്ടില്ല. | 1 - 29 |
| 29 | സ്മാർട്ട് ക്ലാസ്റൂം:(പ്രോജക്ട് നം: S0219) സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി 115440 / - രൂപായുടെ അധിക ചെലവ്. | 3-1 |
| 30 | പ്ലാസ്റ്റിക് റോഡ്നിർമ്മാണം-ടെക്നിക്കൽ സ്പെസിഫിക്കേഷൻ -508പ്രകാരമുള്ള സീൽകോട്ട് നിർമ്മിച്ചില്ല.. | 1-30 |
| 31 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 32 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 35 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 36 | സ്ഥിര നിക്ഷേപം | 4-6 |
| 37 | ഓഡിറ്റ് റിക്കവറി | 4-7 |
| | | |

| | | |
|---|---|---|
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 41 | സാക്ഷ്യപത്രം | അനുബന്ധം 1 |
| 42 | ഓഡിറ്റ് പത്രികകൾ | അനുബന്ധം 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26-03-2018തീയതിയിലെ I(I) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15-02-2019 തീയതിയിലെ 3(I) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30-05-2019 | 17-05-2019 | | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14508787 |
| വരവ് | 124957854 |
| ആകെ | 139466641 |
| ചെലവ് | 113106543 |
| നീക്കിയിരിപ്പ് | 26360098 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 22335634 | 22335634 | 21360095 | 975539 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 14244000 | 14244000 | 14244000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 17316000 | 17316000 | 17159272 | 156728 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 4554000 | 4554000 | 4384541 | 169459 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 12591493 | 12591493 | 9778354 | 2813139 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | - | - | - | - |
| സാക്ഷരത | | 1289 | 47 | 1336 | 59 | 1277 |
| ദുരിതാശ്വാസനിധി | | - | 8236 | 8236 | - | 8236 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 45921614 | 45921614 | 45921614 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 233265 | 689003 | 922268 | 921268 | 1000 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)ടി.എസ്.സി | | 80916 | 1732926 | 1813842 | 196275 | 1617567 |
| ഐ.സി.ഡി.എസ് | | 655145 | 1512193 | 2167338 | 1000000 | 1167338 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | - | - | - | - | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 2616214 | 2616214 | 2399620 | 216594 |
| | ജില്ലാ പഞ്ചായത്ത് | 100 | 1518633 | 1518733 | 1331415 | 187318 |
| ബി ഫണ്ട് | | - | 805320 | 805320 | 805320 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 12519851 | 35746931 | 48266782 | 32680192 | 15586590 |
| | ട്രഷറി അക്കൗണ്ട് | 968534 | 13402089 | 14370623 | 6821747 | 7548876 |
| മറ്റിനം | | 49687 | 25302 | 74989 | 49687 | 25302 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|
| | | | | | | |

| | | | | (എണ്ണം) | | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 227 | 123121328 | 174 | 88705808 | - | 53 | 76 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 233265 | 689003 | 922268 | 921268 | 1000 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 45921614 | 45921614 | 45921614 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 415320 | 284 |
| കർഷകതൊഴിലാളി പെൻഷൻ | 2561100 | 193 |
| വിധവാപെൻഷൻ | 17025300 | 1578 |
| വാർദ്ധക്യകാലപെൻഷൻ | 33734600 | 2994 |
| വികലാംഗപെൻഷൻ | 5585300 | 440 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകളായ വനിതകൾക്കുള്ള പെൻഷൻ | 1039600 | 99 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 390000 | 13 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-01-2010 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 665/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

എല്ലാവിധ വരവുകളും രസീതി പ്രകാരം ഈടാക്കി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നുണ്ട്. ചെലവ് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചു പോരുന്നു. പ്രതിമാസ വരവ് ചെലവ് കണക്കുകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. ആസ്തികളുടെ വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്ററർ കാലികമാക്കി

സൂക്ഷിച്ചിട്ടില്ല പഞ്ചായത്ത് ജനറൽ കമ്മിറ്റി മിനിട്സ് സകർമ്മ സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-12-2019 | 11/2019, 12/2019 | 06-01-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-08-2015 | 2011-12 & 2014-15 | 14-12-2015 |

## 1-11 അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ തനത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം പരിശോധന വിധേയമാക്കാൻ കഴിഞ്ഞിട്ടില്ല.
2. Stock – in – hand (Inventories) മൂല്യ നിർണ്ണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.
3. വിവിധയിനം ഗ്രാൻറുകൾ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വിമുക്തി, സോഷ്യൽ വെൽഫെയറിൽ നിന്നും ബി ഫണ്ട് ഇനത്തിൽ വന്ന തുക ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം എന്നിവ പ്രത്യേക അക്കൗണ്ടില്ലാതെ own fund ന്റെ ബാങ്ക് അക്കൗണ്ട് എന്നിവയിൽ സൂക്ഷിച്ചിരിക്കുന്നു
4. സ്റ്റാറ്റ്യൂട്ടറി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കാനുള്ള 65156/- രൂപയിൽ 3057/- രൂപയുടെ വൗച്ചർ ഹാജരാക്കിയിട്ടില്ല.
5. 1984-85 മുതൽ 2015-16 വരെയുള്ള ഡിപ്പോസിറ്റ് തുക അഡ്ജസ്റ്റ് ചെയ്യാനുണ്ട്.

## 1-12 തുമ്പൂർമൂഴിമോഡൽ എയറോബിക് ബിൻ സ്ഥാപിക്കുൽ -ഷെഡ് മാത്രം നിർമ്മിച്ച് പദ്ധതി ഉപേക്ഷിച്ച നിലയിൽ

പദ്ധതി നം – 93/18-19
എഫ്.സി.ഗ്രാൻറ് – 810000/-
ശുചിത്വ മിഷൻ – 490000/-
ബിൽ നം- 4/19-20/6.6.2019, 447048/-
ബിൽ നം- 5/19-20/6.6.2019, 286240/-
നിർവ്വഹണോദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

തുമ്പൂർമൂഴിമോഡൽ എയറോബിക് ബിൻ സ്ഥാപിക്കുന്നതിന് 13സ്ഥാപനങ്ങളെ ഉൾപ്പെടുത്തി 13 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ടെണ്ടർ നടത്തി യതിൽ കരാർ ഏറ്റെടുത്ത വിശ്വ നാഥൻ 31/ae/lsgd/kda/18-19,27-7-18 പ്രകാരം എഗ്രിമെൻറ് വച്ചു. എന്നാൽ എയ്റോബിക് ബിൻ നിർമ്മിക്കുന്നതിനുള്ള മാതൃക ശുചിത്വമിഷനിൽനിന്നും ലഭിച്ചതനുസരിച്ച് എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തുന്നതിന് വേണ്ടി ഏ.ഇ നല്കിയ കത്ത് 15-2-19-ലെ 1(3)-നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ഒറിജിനൽ എസ്റ്റിമേറ്റിലെ 8 ഇനങ്ങൾ ഒഴിവാക്കി കോൺക്രീറ്റ് ബിൻ നിർമ്മിച്ച് ആയതിന് ചുറ്റും കമ്പിമറ സ്ഥാപിച്ച് മുകളിൽ മെറ്റൽ ഷീറ്റിട്ട് ഷെഡ്

നിർമ്മിക്കുന്നതിനുമായി 7 സ്ഥാപനങ്ങളെ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നം-44258/18-19 പ്രകാരം ടി.എസ് ലഭ്യമാക്കി. അളവിലും തുകയിലും മാറ്റം വന്നെങ്കിലും റീ ടെണ്ടർ നടത്താതെ നിലവിലെ കരാറുകാരനെക്കൊണ്ട് പ്രവർത്തി നടപ്പിലാക്കി.

എം-ബുക്ക് നമ്പർ 78/18-19 -ന്റെ പരിശോധനയിൽ പൂവറ്റൂർ എൽ.പി.എസ്., കുളക്കട-എൽ.പി.എസ്, കലയപുരം മാർക്കറ്റ്, തുരുത്തിയിൽ മാർക്കറ്റ്, കുളക്കട ജി.എച്ച്.എസ്.എസ്. എന്നിവിടങ്ങളിലായി 5 ഷെഡ്ഡുകൾ നിർമ്മിച്ചിട്ടുണ്ട് . 17-1-19-ൽ ചെക്ക് മെഷർമെൻറ് കഴിഞ്ഞ് ഒന്നാം പാർട്ട് ബിൽ തുക കൈപ്പറ്റിയെങ്കിലും നാളിതുവരെ തുടർന്നുള്ള പ്രവർത്തി നടത്തുന്നതിന് കരാറുകാരൻ തയ്യാറായിട്ടില്ല.

എസ്റ്റിമേറ്റിന്റെ പരിശോധനയിൽ എയറോബിക് ബിൻ- സംരക്ഷണത്തിനായി സിമൻറ് കട്ട ഉപയോഗിച്ച് ഫൗണ്ടേഷനും വയർമെഷ് ഉപയോഗിച്ച് മറയും മുകളിൽ ഷീറ്റ് കൊണ്ടുള്ള മേൽക്കൂരയും ഉൾപ്പെടുത്തി ഷെഡ്ഡിന്റെ നിർമ്മാണം മാത്രമാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്. പ്രോജക്ട് ലക്ഷ്യം നേടുന്നതിനുള്ള കോൺക്രീറ്റ് ബിൻ നിർമ്മാണം ആരംഭിച്ചിട്ടില്ല.

പ്രവൃത്തി നിർത്തിവച്ച് ഒരുവർഷം കഴിഞ്ഞിട്ടും കരാറുകാരനെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനോ കരാർ റദ്ദ് ചെയ്ത് റീടെണ്ടർ ചെയ്യുന്നതിനോ ഉള്ളനടപടികൾ സ്വീകരിച്ചിട്ടില്ല. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള കരാറിന്റെ കാലാവധി വ്യക്തമല്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം കരാർ വെച്ചിട്ടില്ല. 7 സ്ഥാപനങ്ങളിൽ ബിൻ സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിലും രണ്ട് സ്ഥാപനങ്ങളിൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. കുളക്കട എൽ.പി.എസി-ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ഷെഡ് നിർമ്മിച്ച് അതിനുള്ളിൽ രണ്ടു അടുപ്പുകൾ നിർമ്മിച്ചിട്ടുള്ളതായും, ഏറത്തു കുളക്കട എൽ.പി.എസിൽ ഷെഡ് നിർമ്മിച്ച് അതിനുള്ളിൽ വിറക് സൂക്ഷിക്കുന്നതായും ബോധ്യപ്പെട്ടു. ടി ഷെഡിന്റെ ഫൗണ്ടേഷൻ പ്ലാസ്റ്ററിംഗ് നടത്തിയിട്ടില്ല. ടി വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, കരാറുകാരന് അസുഖമായതിനാലാണ് പ്രവൃത്തി നിർത്തിവച്ചതെന്നും ഉടനെ തന്നെ പ്രവർത്തി പൂർത്തീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. രണ്ടു ബില്ലുകളിലായി ആകെ 733288/- രൂപയുടെ മൂല്യത്തിൽ വർക്ക് ചെയ്ത് റിക്കവറി കഴിഞ്ഞ് 656835/- രൂപ കരാറുകാരൻ 1-ാം പാർട്ട് ബിൽ പ്രകാരം കൈപ്പറ്റി. നിലവിലെ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റീടെണ്ടർ നടത്തി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 7/20.1.2020

## 1-13 ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്നാൽ ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2018-2019 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തതായി/പുതുക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ജയലക്ഷ്മി ഫിനാൻസിയേഴ്സ്, പുത്തൂർ |
| 2. | പനംകുന്നിൽ ഫിനാൻസിയേഴ്സ്, പുത്തൂർ |
| 3. | പിയാജിയോ അലി വോട്ടേഴ്സ്, ഏനാത്ത് |
| 4. | എം.വൈ യൂസ്ഡ് കാർസ്, ഏനാത്ത് |
| | |

| | |
|---|---|
| 5. | വൈശാഖ് ബാങ്കേഴ്സ്, പുത്തൂർ |
| 6. | വർഷ ബാങ്കേഴ്സ്, തച്ചംമുക്ക്. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 07/22.01.2020

## 1-14 പകൽവീട് നിർമ്മാണം-സ്ഥലത്തിന്റെ ഉടമസ്ഥത ഉറപ്പാക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കിയില്ല.

പദ്ധതി നം. - ടഠ.81/19

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

എസ്റ്റിമേറ്റ് – 1000000/-

വാർഡ് നം.9-ൽ ആനപ്പാറയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പകൽ വീട് നിർമ്മിക്കുന്നതിനായുള്ള എസ്റ്റിമേറ്റിന് നം- 24089/18-19, 28-2-18പ്രകാരം സാങ്കേതികാനുമതി ലഭ്യമാക്കി. 9-7-2018-ലെ ടെണ്ടറിൽ 99932.58/ -ഐറ്റം റേറ്റ് ക്വാട്ട് ചെയ്ത ഗോവർദ്ധനം കൺസ്ട്രക്ഷൻ എന്ന സ്ഥാപനവുമായി നം-47/ae/lsgd/18-19, തീയതി-27-7-18 /പ്രകാരം കരാറിൽ ഏർപ്പെട്ടു. എന്നാൽ കമ്മറ്റി തീരുമാനപ്രകാരം ലഭ്യമാക്കിയ സ്ഥലം റവന്യൂ ഭൂമി ആയതിനാൽ പ്രവർത്തി തടസപ്പെട്ടു എന്നും പ്ലാൻഫണ്ട് ഉൾപ്പെട്ടിട്ടുള്ളതിനാൽ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് സ്ഥലം ലഭ്യമാക്കണമെന്നും അറിയിച്ച്കൊണ്ട് ഏ.ഇ, 29-7-18-ൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക്കത്ത്നല്കിയിട്ടുണ്ട്. തുടർ നടപടി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/18-19,20-1-20), പ്രസ്തുത സ്ഥലം റവന്യൂഭൂമിയായതിനാൽ നിർമ്മാണം സാധ്യമായില്ല എന്നും പഞ്ചായത്ത് ടി സ്ഥലം ലീസിന് എടുക്കുന്നതിനു തയ്യാറായി ആയതിനുള്ള നടപടി അവസാനഘട്ടത്തിലാണെന്നും മറുപടി ലഭ്യമാക്കി.

പഞ്ചായത്തു വക സ്ഥലങ്ങൾ അളന്നുതിരിച്ച് വിവരങ്ങൾ സൂക്ഷിച്ചിട്ടില്ലാത്തതിനാലാണ് ഇത്രയും പ്രാധാന്യമുള്ള ഒരു പദ്ധതി നടപ്പാക്കാൻസാധിക്കാതെ വന്നത്എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ, ബന്ധപ്പെട്ട പ്രമാണങ്ങൾ എന്നിവ സൂക്ഷിച്ചിട്ടില്ല. വസ്തുവകകൾ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 205 വകുപ്പ് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ അല്ലെങ്കിൽ സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്നാൽ സ്ഥാപനത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2018-2019 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ജയലക്ഷമി ഫിനാൻസിയേഴ്സ്, പുത്തൂർ |
| 2. | പനംകുന്നിൽ ഫിനാൻസിയേഴ്സ്, പുത്തൂർ |
| 3. | പിയാജിയോ അലി വോട്ടേഴ്സ്, ഏനാത്ത് |
| 4. | എം.വൈ യൂസ്ഡ് കാർസ്, ഏനാത്ത് |
| 5. | വൈശാഖ് ബാങ്കേഴ്സ്, പുത്തൂർ |
| 6. | വർഷ ബാങ്കേഴ്സ്, തച്ചംമുക്ക്. |
| 7. | സെന്റ് തെരേസാസ്, യു.പി.എസ്., കലയപുരം |
| 8. | മാർത്തോമ റസിഡൻഷ്യൽ സ്കൂൾ, കലയപുരം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നോട്ടീസ് നൽകി സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. അപ്രകാരം തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ –07/22.01.2020

## 1-16 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറിയ്ക് 2 വർഷമായി വാടക ഈടാക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഏറത്ത്കുളക്കട ഷോപ്പിംഗ് കോംപ്ലക്സിലെ 4ാം നമ്പർ കടമുറി സി.ഡി.എസ്. ചെയർ പേഴ്സന്റെ കെ.6/6096-ാം നമ്പർ അപേക്ഷ പ്രകാരം 28.09.2017 ലെ 19-ാം നമ്പർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ സി.ഡി.എസ് യൂണിറ്റിന് സ്ഥിരം വിപണന കേന്ദ്രം തുടങ്ങുന്നതിന് ഡിപ്പോസിറ്റ് ഒഴിവാക്കി പരമാവധി വാടക കുറച്ച് നൽകുന്നതിന് അംഗീകരിച്ചിരുന്നു. എന്നാൽ ആ ഉത്തരവിൽ വാടകയ്ക്ക് നൽകണമെന്നല്ലാതെ എത്ര രൂപയാണ് വാടക എന്ന് നിശ്ചയിച്ചിട്ടില്ല. 28.09.2017 മുതൽ പ്രവർത്തനം ആരംഭിച്ചെങ്കിലും എഗ്രിമെന്റ് ചമയ്ക്കുകയോ വാടക ഈടാക്കുകയോ ചെയ്തിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. ഈ സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ വാടക നിശ്ചയിച്ച് പലിശ സഹിതം ഈടാക്കേണ്ടതും പ്രവർത്തന രഹിതമാണെങ്കിൽ ലേലം ചെയ്ത് വാടകയ്ക്ക് നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ – 13/23.01.2020

## 1-17 മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനം പദ്ധതി - രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ | എസ്.096/2018-2019 |
| പദ്ധതിയുടെ പേര് | മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ |
| ഫണ്ട് | തനത് ഫണ്ട് |
| | |

| | |
|---|---|
| തുക | 11,750 (ചെക്ക് നമ്പർ, തീയതി ഹാജരാക്കിയിട്ടില്ല) |

2018-2019 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ എന്ന പദ്ധതിയുടെ നിർവ്വഹണ രേഖകളോന്നുംതന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഈ ചെലവുകൾ തനത് ഫണ്ടിൽ നിന്നായതിനാൽ ചെലവായ തുകയുടെ വൗച്ചറുകൾ ഗ്രാമ പഞ്ചായത്തിന് നൽകി എന്ന മറുപടി നൽകിയതല്ലാതെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. അതിനാൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 04/20.01.2020
തടസ്സപ്പെടുത്തിയ തുക – 11,750/-

## 1-18 കെട്ടിട നികുതി നിർണ്ണയിക്കൽ- ഫയൽ ഹാജരാക്കിയിട്ടില്ല.

2018-2019 വർഷം നികുതി നിർണ്ണയം നടത്തിയ ചുവടെ ചേർക്കുന്ന ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | വാർഡ് |
|---|---|---|
| 1. | സുധാകരൻ നായർ, രാഗസുധ | I/429 |
| 2. | സുരേഷ് കുമാർ, ചിറക്കരോട് വീട്, താഴത്ത് കുളക്കട | I/562 |
| 3. | രാജേഷ് കുമാർ, രാജേഷ് ഭവനം, മാവടി | I/565 |
| 4. | ഗിരീഷ് കുമാർ, ഗിരീഷ് ഭവനം, കുളക്കട കിഴക്ക് | I/765 |
| 5. | മാത്യു, നങ്ങ്യാരുവിള വീട്, കുളക്കട | IV/588 |
| 6. | ജോസ് ജോൺ, അംബിയിൽ വീട്, കുളക്കട കിഴക്ക് | IV/597,598 |
| 7. | ഉണ്ണികൃഷ്ണൻ നായർ, സായന്തനം, ഏറത്ത്കുളക്കട | V/700 |
| 8. | ഓമനക്കുട്ടൻ പിള്ള, ശോഭന മന്ദിരം, ഏറത്ത്കുളക്കട | VI/682 |
| 9. | വിജയകുമാർ, കല്ലുംപുറത്ത് വീട് ശൂരനാട് വടക്ക് | VI/694 |
| 10. | റൂബി ജോൺ, രാജേഷ് ഭവൻ, ഇഞ്ചക്കാട് | IX/960, 961,862, 863, 864, 865 |
| 11. | ബൈജു ജോൺ, അമ്പാടി, പുത്തൂർ | VII/955, 956, 957, 958 |

മേൽ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിലേയ്ക്ക് റിക്വിസിഷൻ നമ്പർ 02/22.01.2019 നൽകിയെങ്കിലും രേഖകൾ/ഫയലുകൾ ഹാജരാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല.

രേഖകൾ/ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്തതിന് വിശദീകരണം നൽകേണ്ടതും, രേഖകൾ/ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-19 ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം - അപാകതകൾ

പ്രോജക്റ്റ് നം – 245/18-19

അടങ്കൽ – 421400/-

ഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാന്റ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഏറത്തുകുളക്കട എൽ.പി.എസ്-ൽ ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം - എന്ന പ്രവർത്തിയുടെ ടെണ്ടറിൽ 14% എസ്റ്റിമേറ്റിൽ കുറവ് തുക ക്വാട്ട് ചെയ്ത സുനിൽകുമാർ എന്ന കരാറുകാരൻ 82/ae/kdgp/18-19, 8-2-2019 പ്രകാരം എഗ്രിമെൻറ് വച്ചു. എഗ്രിമെൻറിൽ പൂർത്തീകരണ കാലാവധിഉൾപ്പെടുത്തിയിട്ടില്ല.കരാർ നിബന്ധനയിൽസ്ഥലം ഏറ്റുവാങ്ങി 10 ദിവസനത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും കരാർ ഉടമ്പടിയുടെ ഭാഗമായി വച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടില്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ സെപ്റ്റിക് ടാങ്ക് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ റിവൈസ് ചെയ്യുന്നതിന് 15-12-19-ലെ 1(3) പഞ്ചായത്തുകമ്മിറ്റി തീരുമാനപ്രകാരം അംഗീകാരം നല്കിയിട്ടുണ്ടെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എം ബുക്ക് നം-75/18-19, 75(a)/18-19 പ്രകാരം ഒറിജിനൽ എസ്റ്റിമേറ്റിലെ 27 ഇനങ്ങളിൽ 7 എണ്ണം മാത്രമാണ് നടന്നിട്ടുള്ളത്. 28-3-19 ൽ ചെക്ക്മെഷർ നടത്തി ആകെ 223147/-രൂപ വർക്ക് മൂല്യം കണക്കാക്കി റിക്കവറി കഴിഞ്ഞ് 208621/-രൂപ ഒന്നാം പാർട്ട് ബിൽ പ്രകാരം കരാറുകാരന് നൽകി (ബിൽ നമ്പർ-113/18-19, തീയതി – 28.3.19). എന്നാൽ ടെണ്ടർ ഡിഡക്ഷനായി 14% തുക ബില്ലിൽ കുറവ് ചെയ്തില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, റിവൈസ്ഡ് എസ്റ്റിമേറ്റ് അനുമതിക്കായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കിയിട്ടുണ്ടെന്നും പൂർത്തീകരണ തീയതി ടി.എസ് സ്ലിപ്പിൽ ചേർക്കാൻ വിട്ടുപോയതാണെന്നും മറുപടി ലഭ്യമാക്കി. റിവൈസ്ഡ് എസ്റ്റിമേറ്റ്, പൂർത്തീകരണകാലാവധി എന്നിവ സംബന്ധിച്ച രേഖകൾ ഫയലിൽ ഉൾപ്പെടുത്തേണ്ടതും പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് ബില്ലിൽ നിന്നും ടെണ്ടർകുറവ്, നിയമാനുസൃത പലിശ എന്നിവ ഈടാക്കേണ്ടതുമാണ്.

ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാത്തതിനാൽ 31240/- രൂപ തടസപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. – 8/22.1.20.

## 1 -20 കൃഷി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ 1000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു 7000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2018-19വർഷത്തിൽ കൃഷി വികസന ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ അപാകതകൾ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റ് നമ്പർ 74. കിഴങ്ങുവർഗ്ഗ കൃഷി, അടങ്കൽ തുക – 200000/-, ഗുണഭോക്തൃ വിഹിതം – 100000/-, വികസന ഫണ്ട് – 100000/-

(എ). പദ്ധതി ആനുകൂല്യത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവരും ഗുണഭോക്തൃ പട്ടികയിൽ പേര് ഇല്ലാത്തവരുമായ ശ്രീമതി. ജി. സരസ്വതി എന്ന ആളുടെ പേരിൽ എസ്ബിഐ അക്കൗണ്ട് നം. – 67088208874 -ൽ പദ്ധതി അനുകൂല്യമായി 1000/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകി. അപാകതയുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/18.1.2020ന് മറുപടിയായി, പദ്ധതി ആനുകൂല്യം അക്കൗണ്ട് മാറി നൽകിയിട്ടുള്ളതാണ് എന്നും, യഥാർത്ഥ ഗുണഭോക്താവിന് അക്കൗണ്ടിൽ പദ്ധതി ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തെറ്റായ അക്കൗണ്ടിൽ നൽകിയ പദ്ധതി ആനുകൂല്യം 1000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണാധികാരി ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

(ബി). പദ്ധതി ആനുകൂല്യത്തിനുള്ള യോഗ്യത തെളിയിക്കുന്ന രേഖകൾ വാങ്ങി സൂക്ഷിക്കാതെ പദ്ധതിആനുകൂല്യം നൽകി.

പ്രോജക്ട് നമ്പർ – 74, കിഴങ്ങുവർഗ്ഗ കൃഷി, അടങ്കൽ തുക – 200000/-, ഗുണഭോക്തൃ വിഹിതം – 100000/-, വികസന ഫണ്ട് – 100000/-, പ്രോജക്ട് നമ്പർ - 50/19, അടങ്കൽ തുക – 750000/-, ഗുണഭോക്തൃ വിഹിതം – 250000/-, വികസന ഫണ്ട് – 500000/-, വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/പേര് | ഗുണഭോക്താവിന്റെ പേര്/വിലാസം | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | അക്കൗണ്ട് നമ്പർ, | റിമാർക്ക്സ് |
|---|---|---|---|---|
| കിഴങ്ങുവർഗ്ഗ കൃഷി | ശ്രീമതി.തങ്കമ്മ | 1000/- (ബിൽ നം322/17.2.19) | SBI a/c no: 32838263314, | ആധാർ, കരം ചീട്ട്, ബാങ്ക് പാസ് ബുക്ക്, റേഷൻ കാർഡ് തുടങ്ങി യോഗ്യത തെളിയിക്കുന്ന യാതൊരു രേഖകളുടെയും പകർപ്പ് സൂക്ഷിച്ചി ട്ടില്ല. |
| 50/19( വാഴകൃഷി) | പ്രസന്നകുമാർ | 1000/- (ബിൽ നം320/17.2.19) | FDRL A/C No 15860100021435 | ,, |
| ,, | ബൈജു. ആർ | 1000/- ,, | SBI a/c no.67040203201 | ,, |
| ,, | ലതാകുമാരി.ആർ | 1000/-,, | CNRB a/c no. 5836101001948 | ,, |
| ,, | പരമേശ്വരൻ പിള്ള | 1000/-,, | SBI a/c no:57062516769 | ,, |
| ,, | സുധാകരൻ.ആർ, സച്ചിൻ നിവാസ് | 1000/-,, | Indian bank A/C No6208052778 | പദ്ധതി ആനുകൂല്യത്തിന് അവശ്യം വേണ്ടുന്ന വസ്തുവിന്റെ അളവ് 10 സെന്റാണ്. എന്നാൽ ഫയലിൽ സൂക്ഷിച്ചിരിക്കുന്ന കരം ഒടുക്കുരസീത് പ്രകാരം ടിയാന്റെ പേരിലുള്ളത് 7.9 സെന്റ് വസ്തുമാത്രമാണ്.(കുളക്കട വില്ലേജ്ഓഫീസ് രസീത് നം.137109/13711/27.4.17) |
| ,, | ജോർജ്ജ്,ഷിബുവില്ല, മൈലംകുളം | 1000/-,, | FDRL A/C No.17400100022741 | ഫയലിൽ സൂക്ഷിച്ചിരിക്കുന്ന കരം ഒടുക്കുരസീത് |

| | | | | |
|---|---|---|---|---|
| | | | | പ്രകാരം ടിയാന്റെ പേരിലുള്ളത് 7.78 സെന്റ് വസ്തുമാത്രമാണ്. (പുത്തൂർ വില്ലേജ്ഓഫീസ് രസീത് നം.7109/710813/09.12.18) |

മേൽ പരാമർശ അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 18.01.2020ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.3ന് മറുപടിയായി, പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കൃഷി ഉദ്യോഗസ്ഥർക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും, കര ചീട്ട്/പാട്ടചീട്ട് ആവശ്യപ്പെടുന്നത് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നുമാണ്. ഈ വാദം അംഗീകരിക്കാൻ കഴിയുന്നതല്ല. 7000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 സ്മാർട്ട് ക്ലാസ്റൂം:(പ്രോജക്ട് നം: SO219) സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി 115440 / - രൂപയുടെ അധിക ചെലവ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – പഞ്ചായത്ത് സെക്രട്ടറി

അടങ്കൽ തുക – 1000000/- (മെയിന്റനൻസ് ഫണ്ട് )

ആകെ ചെലവ് – 991320 /- ( ബിൽനം: 427 / 16.3.19 )

കരാറുകാരൻ – കെ.എം ടെക്നോളജീസ്, കോട്ടയം.

പഞ്ചായത്ത് അതിർത്തിക്കുള്ളിലെ 6 പ്രൈമറി സ്കൂളുകളിലെ ആവശ്യത്തിന്3KVA യുപിഎസ്, ലാപ് ടോപ്പ് കമ്പ്യൂട്ടർ, മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ടർ സീലിങ് മൗണ്ട്കിറ്റ് എന്നിവ വാങ്ങുന്നതിനായി ഈ- ടെൻഡർ നടത്തി കെഎം ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തി. ഫയൽ ഓഡിറ്റിന് വിധേയമാക്കിയതിൽ, ടെൻഡർ ഷെഡ്യൂളിൽ നൽകിയിരുന്ന സ്പെസിഫിക്കേഷനെല്ലാംതന്നെ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 06.01.2018 ലെ സ.ഉ(സാധാ)നം.97/2018പൊ.വി.വ പ്രകാരമായിരുന്നു എന്ന് വ്യക്തമാകുന്നു. ഉപകരണങ്ങൾ ടെൻഡർ ഷെഡ്യൂൾ സ്പെസിഫിക്കേഷൻ പ്രകാരമാണ് വിതരണംചെയ്തിട്ടുള്ളതെന്ന്, കുളക്കട ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന വെട്ടിക്കവല ബ്ലോക്ക്പഞ്ചായത്ത് ടെക്നിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. എന്നാൽ വാങ്ങിയ ഉപകരണങ്ങളുടെ വില മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ വിലയിൽ നിജപ്പെടുത്തിയിട്ടില്ല. ലാപ് ടോപ്പ്, പ്രൊജക്ടർസ്ക്രീൻ, 3കെ.വി യു പി എസ്, വൈറ്റ് ബോർഡ്, പ്രൊജക്ടർ മൗണ്ട് കിറ്റ് എന്നിവ വാങ്ങുമ്പോൾ ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, നൽകാവുന്ന പരമാവധി വില, വിൽപ്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ആയിരിക്കണം എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. പ്രസ്തുത നിഷ്കർഷ പാലിക്കാതിരുന്നതു മൂലം 115440/- രൂപ അധികച്ചെലവ് ഉണ്ടായതായി ഓഡിറ്റ് കണക്കാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | അനുവദനീയ വില(including GST) | അനുവദിച്ച വില(including GST) | അധികമായിനൽകിയവില | എണ്ണം | ആകെ നൽകിയ അധികവില |
|---|---|---|---|---|---|---|
| 1 | Laptop Computer | 31000/- | 36100/- | 5100/- | 6 | 30600/- |
| 2 | Multi media | 23860/- | 31600/- | 7740/- | 6 | 46440/- |

| | | | | | | |
|---|---|---|---|---|---|---|
| | Projector | | | | | |
| 3 | Projectir ceilingmount kit | 4900/- | 4970/- | 70/- | 6 | 420/- |
| 4 | 3KVA UPS | 64270/- | 70100/- | 5830/- | 6 | 34980/- |
| 5 | Projector Screen | 2200/- | 2700/- | 500/- | 6 | 3000/- |
| | | | | | ആകെ | 115440/- |

അപാകതയ്ക്കുമേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 20.01.2020ൽ നൽകിയ 5-നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 21.01.2020ൽ സെക്രട്ടറി ലഭ്യമാക്കിയ കെ.4-504/ 2020 നമ്പർ കത്തിൽ, പ്രസ്തുത വാങ്ങലിനായി നടത്തിയിട്ടുള്ള ടെൻഡർ നടപടിക്രമങ്ങളും, ആയതിന്റെ നാൾവഴിയും മാത്രമാണ് വിശദീകരിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. 115440/-രൂപ പദ്ധതി നിർവ്വഹണാധികാരിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്കുവരുത്തേണ്ടതാണ് .

## 1-22 എം.എൻ.ആർ.ഇ.ജി.എസ് പദ്ധതികൾ വിഭാവനം ചെയ്യുന്നതിലും നടപ്പിൽ വരുത്തുന്നതിലും അപാകതകൾ

2018-19 വർഷത്തിൽ 23,99,29,100/- രൂപ ആകെ അടങ്കൽ വരുന്ന പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. എന്നാൽ ഇതിൽ 4,64,24,634/-രൂപ (19.35%) മൂല്യം കണക്കാക്കിയിട്ടുള്ള പ്രവർത്തികളാണ് തൻവർഷം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്ന് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ വ്യക്തമാക്കുന്നു. യാഥാർത്ഥ്യബോധത്തോടെ അല്ല പദ്ധതികൾ വിഭാവനം ചെയ്യുന്നതെന്ന് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാണ്. അപ്രാപ്യമായ അളവിലുള്ള ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും, അതിനു തന്നെ ആവശ്യമായതിലും അധികമായി തുക വകയിരുത്തുകയും ചെയ്തതായി കാണുന്നു. ഭൗതിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത്, കൃത്യമായ ഡേറ്റാകളുടെയും നിരക്കുകളുടെയും അടിസ്ഥാനത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കാനും, അംഗീകാരം നേടിയെടുക്കുന്ന ആക്ഷൻ പ്ലാൻ അനുസൃതമായി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും വരുംവർഷങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും മറ്റ് അധികാരികളും ശ്രദ്ധ ചെലുത്തേണ്ടതാണ്.

പദ്ധതികളുടെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

(എ). വൃക്ഷത്തൈ നടീൽ.

വൃക്ഷത്തൈ നടീൽ എന്ന പദ്ധതി പ്രകാരം പഞ്ചായത്തിന്റെ 19 വാർഡുകളിലായി 2560 വൃക്ഷത്തൈകൾ നടുന്നതിന് 0.30ച.മീ അളവിൽ 2560 കുഴികൾ കുത്തിയതായി എം ബുക്കിൽ രേഖപ്പെടുത്തി 39325/- രൂപ പ്രവൃത്തിമൂല്യം രേഖപ്പെടുത്തിയിട്ടുണ്ട്. തൈകൾക്ക് മൂന്നുവർഷത്തെ തുടർ പരിപാലനം ആക്ഷൻ പ്ലാനിൽ നിശ്ചയിച്ചിട്ടുണ്ട് എങ്കിലും വൃക്ഷത്തൈകൾ എവിടെയൊക്കെയാണ് നട്ടിട്ടുള്ളത് എന്നത് സംബന്ധമായിയാതൊരു രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള ചെലവിന്റെ പരിശോധനയോ, വൃക്ഷത്തൈകളുടെ തുടർ പരിപാലനമോ സാധ്യമാകാത്ത അവസ്ഥയുണ്ട്.

(ബി).കിണർ നിർമ്മാണം.

കിണർ നിർമ്മാണം എന്ന പദ്ധതി പ്രകാരം 40 കിണറുകൾ നിർമിച്ചിട്ടുണ്ട്. തികച്ചും വ്യക്തിഗതമായി നിർമ്മിച്ച നൽകിയിട്ടുള്ള ഇവയിൽ 3എണ്ണം ഓഡിറ്റ്ടിം നേരിട്ട് സന്ദർശിച്ച് പരിശോധന നടത്തിയതിൽ,എംബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവർത്തിയുടെ അളവുകളും യഥാർത്ഥഅളവുകളും തമ്മിൽ വലിയ അളവിൽ വ്യത്യാസം വന്നിട്ടുള്ളതായും, അത് മൂലം ഭീമമായ തുകകൾ തൊഴിൽകൂലിയിനത്തിൽ അനർഹമായി നൽകിയിട്ടുള്ളതായും ഓഡിറ്റിൽ കണക്കാക്കുന്നു.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ പേരും വിലാസവും | ശ്രീ.തുളസീധരൻ പിള്ള,വടശ്ശേരി തെക്കേപ്പുര,ഏറത്തുകുളക്കട. | ശ്രീമതി ശോഭന പറമ്പിലഴികത്ത് വീട്,ഏറത്തുകുളക്കട. | ശ്രീമതി ശാന്ത ,ചെറിയകോട്ടവിള വീട്,കുളക്കട കിഴക്ക് . |
|---|---|---|---|
| എംബുക്ക്പ്രകാരം കിണറിന്റെആഴം/വ്യാസം | 15മീറ്റർ/1.8മീറ്റർ.(എംബുക്ക് നം.22/18-19) | 15മീറ്റർ/1.8മീറ്റർ. (എംബുക്ക് നം.22/18-19) | 18മീറ്റർ/1.8മീറ്റർ. (എംബുക്ക് നം.32/18-19) |
| പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടആഴം/ വ്യാസം | 08മീറ്റർ/1.4മീറ്റർ. | 09മീറ്റർ/1.4മീറ്റർ. | 9.5മീറ്റർ/1.4മീറ്റർ. |
| നൽകിയ തൊഴിൽകൂലി | 33575/-FTO NO/Date,Amount<br>1.469886/19.1.19 33600/-<br>2.48909/21.5.18 5500/-<br>3.58168/30.5.18 6600/-<br>4.63260/2.6.18 1650<br>5.63263/2.6.18 13200/-<br>6.77205/14.6.18 550/-<br>7.77208/14.6.18 6050/- | 33575/- FTONO/Date,Amount<br>1.469886/19.1.19 33600/-<br>2.48909/21.5.18 5500/-<br>3.58168/30.5.18 6600/-<br>4.63260/2.6.18 1650<br>5.63263/2.6.18 13200/-<br>6.77205/14.6.18 550/-<br>7.77208/14.6.18 6050/- | 53575/- FTONO/Date,Amount<br>1.58256/30.5.18 11000/-<br>2.78144/14.6.18 5600/-<br>3.66712/6.6.18 9625/-<br>4.78911/16.6.18 5600/-<br>5.76327/13.6.18 5500/-<br>6.84085/20.6.18 8000/-<br>7.83988/20.6.18 8250/- |
| അനുവദനീയതൊഴിൽകൂലി | 7213/- | 8804/- | 9679/- |
| അധികമായി നൽകിയ തുക | 26362/- | 24771/- | 43896/-* |

*കിണറിന്റെ വ്യാപ്തം കണക്കാക്കുന്നതിന് $3.14xr^2xh$ എന്നതിന്റെ സ്ഥാനത്ത് $2x3.14xr^2xh$ എന്ന സമവാക്യം ഉപയോഗിച്ച് 96,561.88/- രൂപ മൂല്യം കണക്കാക്കിയത് 53,575/-രൂപയിൽ പരിമിതപ്പെടുത്തി അനുവദിച്ചു.

(സി). ആറ്റുവാശ്ശേരി കിഴക്ക് -മണ്ണിക്കാല നടപ്പാത കോൺക്രീറ്റ്-സിമിന്റിന് അധികവില നൽകി.

എംബുക്ക് നമ്പർ 316/18-19, ആകെ പ്രവൃത്തിമൂല്യം അനുവദിച്ചത് – 1,96,540/-

പ്രവൃത്തിയുടെ മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ 1,48,748/- രൂപ നൽകിയിട്ടുണ്ട്. (FTO NO.469989/19.01.19) ഇതിൽ സിമൻറ് വിലയായി 154 ബാഗിന് 440/ബാഗ് നിരക്കിൽ 67,760/-

രൂപ ഉൾപ്പെടുന്നു. മെറ്റീരിയൽസ് വിതരണക്കാരനായി ചുമതലയേറ്റ ശ്രീ. തോമസ്, നെല്ലിവിള പുത്തൻവീട്, കുളക്കട കിഴക്ക് എന്ന ആൾ എസ്റ്റിമേറ്റ് നിരക്കിലാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ടെൻഡർ ഫോമിനൊപ്പം വിതരണം നടത്തിയ ടെണ്ടർ ഷെഡ്യൂളിലും 440/- രൂപയാണ് വിലചേർത്തിരുന്നത്. എന്നാൽ പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റിൽ സിമൻറ് വിലയായി ടണ്ണിന് 8,400/-രൂപ ആണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികമായ നിരക്ക് ടെൻഡർ ഷെഡ്യൂളിലുൾപ്പെടുത്തിയതുമൂലം 3080/-രൂപ (154*20) അധികമായി കരാറുകാരന് നൽകേണ്ടിവന്നു.

എം.എൻ.ആർ.ഇ.ജി.എസ് നടത്തിപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യനിർവ്വഹണ വീഴ്ചയുണ്ടാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിപ്രവർത്തനങ്ങളും ഫണ്ടിന്റെ വിനിയോഗവും സംബന്ധമായി വിശദമായ അന്വേഷണം നടത്തി, അപാകതകൾ ആവർത്തിക്കാത്ത വിധം ഉചിതമായ തുടർനടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഭരണസമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-23 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ട്യൂട്ടോറിയൽ സ്ഥാപങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപങ്ങളുടെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1. | ദി സിറ്റഡൽ ട്യൂട്ടോറിയൽസ് | V |
| 2. | ഇൻസ്പെയർ, ഏറത്ത്കുളക്കട | VI |
| 3. | ന്യൂഭാരത് ട്യൂട്ടോറിയൽസ്, ഏറത്ത്കുളക്കട | VI |
| 3. | പോപ്പുലർ ട്യൂട്ടോറിയൽസ്, പൂവറ്റൂർ വെസ്റ്റ് | VII |
| 4. | ദി സിറ്റഡൽ പൂവറ്റൂർ വെസ്റ്റ് | VIII |
| 5. | വിദ്യാലയ ട്യൂട്ടോറിയൽസ്, പൂവറ്റൂർ വെസ്റ്റ് | XIV |
| 6. | അക്കാദമി, കലയപുരം | IX |
| 7. | ഭരത് വെണ്ടാർ | XII |
| 8. | അക്ഷയ സ്റ്റഡി സെൻ്റർ, പുത്തൂർ | XVIII |
| 9. | കെ.എസ്. കമ്പ്യൂട്ടർ സെൻ്റർ, പുത്തൂർ | XVIII |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മേൽ സ്ഥാപങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിലേയ്ക്കായി നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. അപ്രകാരം തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ – 07/22.01.2020.

## 1-24 അധികൃതരുടെ അനാസ്ഥ- പ്രോജക്ട് നടപ്പായില്ല.

പ്രോജക്ട് നം - 107/19
അടങ്കൽ – 475000/-
നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

“പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും” എന്ന പദ്ധതിക്ക് 475000/-രൂപ

വകയിരുത്തി 17-7-2018-ൽ ടെണ്ടർ ക്ഷണിച്ചതിൻപ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്തിരുന്ന തമ്പുരാൻ കാലയിൽ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 17-7-18-ലെ കമ്മറ്റിയിലെ 8(2)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. കരാർ വക്കുന്നതിന് 29-9-18-ന് നിർവ്വഹണോദ്യോഗസ്ഥൻ കത്ത് നൽകി. എന്നാൽ ടി സ്ഥാപനം കരാർ വക്കുന്നതിന് കാലതാമസം വരുത്തിയതിനാൽ വീണ്ടും 4-12-18-ൽ കത്ത് നൽകി. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒഴിവാക്കിക്കൊണ്ടുള്ള കത്ത് ലഭ്യമാക്കിയതിനെ തുടർന്ന് 28-1-19-ന് സപ്ലേ ഓഡർ നല്കിയെങ്കിലും സ്ഥാപനം ഫർണിച്ചർ സപ്ലേ ചെയ്തില്ല. 7-2-19ന് വീണ്ടും കത്ത് നല്കിയെങ്കിലും ഫർണിച്ചർ സപ്ലേ ചെയ്യാത്തതിനാൽ നിർവ്വഹണോദ്യോഗസ്ഥൻ 14-2-19-ൽ പഞ്ചായത്തു കമ്മറ്റിക്ക് രേഖാമൂലം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23-2-19 ലെ കമ്മറ്റിതീരുമാനപ്രകാരം 5-8-19-ന് വീണ്ടും സപ്ലേ ഓഡർ നല്കിയതു പ്രകാരം ഫർണിച്ചറുകൾ ലഭ്യമാക്കി. ടി.കെ.എം കോളേജ് എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ പരിശോധനയിൽ ഫർണിച്ചറുകളുടെ ഗുണനിലവാരം കുറവായതിനാൽ ഒഴിവാക്കി. സെക്കൻറ് ലോവസ്റ്റ് ആയ സ്ഥാപനത്തിന് സപ്ലേ ഓഡർ നല്കിയെങ്കിലും ടി സ്ഥാപനം സപ്ലേ ചെയ്യാൻ തയ്യാറായില്ല. ഇപ്രകാരം സമയബന്ധിതമായി ഫർണിച്ചർ സപ്ലേ ചെയ്യാതിരിക്കുകയും ഒരു വർഷത്തിനു ശേഷം നിലവാരം കുറഞ്ഞവ ലഭ്യമാക്കുകയും ചെയ്ത സ്ഥാപനത്തെ കരിമ്പട്ടികയിൽ പെടുത്തേണ്ടതാണെങ്കിലും ആയതിന് നടപടിയുണ്ടായിട്ടില്ല. ടി സ്ഥാപനത്തിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടേണ്ടതുമാണ്. സമയബന്ധിതമായി നടപടി സ്വീകരിക്കാത്തത് അധികൃതരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-25 ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

വാർഡ് തല ശുചീകരണത്തിനായി ചെലവഴിച്ച തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി വാർഡ് തല ശുചീകരണത്തിനായി ശുചിത്വമിഷനിൽ നിന്നും 190000/-രൂപ ലഭിച്ചിരുന്നു. ആയത് മെഡിക്കൽ ഓഫീസറുടെ നിർദ്ദേശത്തിനനുസൃതമായി 19വാർഡുകളിലെയും വാർഡ്തല ശുചിത്വ സമിതിയുടെ അക്കൗണ്ടിലേക്ക് സെക്രട്ടറി ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെക്ക് നം. – 0267503/05-06-2018

ഓഡിറ്റ് എൻക്വയറി നം. - 11/23.1.2020

## 1-26 കോഴി വിതരണം നടത്തിയിട്ടില്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ട് നം-242/19- മുട്ടക്കോഴി വിതരണം എന്ന പദ്ധതി പ്രകാരം 273000/- രൂപ 100/- രൂപ നിരക്കിൽ 2730 എണ്ണം കോഴികളെ വിതരണം നടത്തുന്നതിനായി കേരള സംസ്ഥാന പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷനിൽ ഒടുക്കി. 136500/- രൂപ വീതം വികസനഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവ വകയിരുത്തിയ പദ്ധതിയിൽ ഗുണഭോക്തൃവിഹിതം ചെക്ക് നം-2466994/30-03-2019 പ്രകാരം വെറ്ററിനറി സർജന് അനുവദിക്കുകയും ആയത് തൻവർഷം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വികസനഫണ്ട് തുക 2019-

20 സാമ്പത്തിക വർഷത്തിലാണ് ചെലവഴിച്ചത്. എന്നാൽ നാളിതുവരെ കോഴികളെ വിതരണം നടത്തിയിട്ടില്ല. ആയതിനാൽ ഗുണഭോക്തൃവിഹിതമിനത്തിൽ തൻവർഷം നടത്തിയ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കോഴികളെ വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-12/23-01-2020

## 1-27 സർക്കാർ നിർദ്ദേശിച്ചിട്ടില്ലാത്ത ഇനത്തിന് എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകി

പ്രോജക്ട് നം - 136/2019, ഗണിത ലാബ്

ഫണ്ടിനം – വികസനഫണ്ട്

ചെലവ് തുക – 120000/-

ബിൽ നം. – 8/18-19/23-01-2019-63000/-

-13/18-19/22-03-2019-49000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, പൂവറ്റൂർ വെസ്റ്റ്

ഗണിത പഠന സാമഗ്രികൾ വാങ്ങി ഗണിത ശില്പശാല സംഘടിപ്പിക്കാൻ പ്രോജക്ട് പ്രകാരം 7000/-രൂപ വീതം പഞ്ചായത്തിലെ 16 എൽ.പി സ്കൂൾ പ്രധാന അധ്യാപികമാർക്ക് നൽകിയിരിക്കുന്നു. സർക്കാർ ഉത്തരവ് (കൈ)11/2018/ത.സ്വ.ഭ.വ/29-01-2018,ഖണ്ഡിക 7.6 ഉപഖണ്ഡിക 8 പ്രകാരം എല്ലാ "സർക്കാർ സ്കൂളുകൾക്കും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റുകളും വാഷ്ബെയിസിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിനു ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്". സർക്കാർ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനത്തിന് തുക ചെലവഴിക്കുമ്പോൾ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടിയിരുന്നു. ആയത് വാങ്ങാതെ തുക ചെലവഴിച്ചത് ഉചിതമായ നടപടിയല്ല. ആയതിനാൽ ചുവടെ സൂചിപ്പിക്കുന്ന ഏഴ് എയ്ഡഡ് സ്കൂളുകൾക്ക് 7000/- രൂപ നിരക്കിൽ ചെലവഴിച്ച 49000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1)ബഥേൽ.എം.റ്റി.എൽ.പി.എസ്, കുളക്കട

2)എൽ.എം.എസ്.എൽ.പി.എസ്, കലയപുരം

3)എസ്.വി.എൻ.എസ്.എസ്-എൽ.പി.എസ്, ആറ്റുവാശ്ശേരി

4)ഡി.വി.യു.പി.എസ്, താഴത്തുകുളക്കട

5)എൽ.എഫ്.യു.പി.എസ്, പുത്തൂർ

6)ഡി.വി.യു.പി.എസ്, വെണ്ടാർ

7)വെണ്ടാർ എൽ.പി.എസ്

ഓഡിറ്റ് എൻക്വയറി നം. – 2/14-01-2020

## 1- 28 നമ്പിമൺകടവ് തൂക്കുപാലം അറ്റകുറ്റപ്പണി:പ്രോജക്ട് നമ്പർ

## 155/19, പദ്ധതി നടത്തിപ്പിൽ നിന്നും പഞ്ചായത്ത് പിന്മാറി- മുൻകൂർ നൽകിയ 677149/- രൂപ തിരികെ കിട്ടിയിട്ടില്ല.

കുളക്കട ഗ്രാമ പഞ്ചായത്തിനെയും പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന നമ്പിമൺകടവ് തൂക്കുപാലം അപകടാവസ്ഥയിൽ ആയതിനാൽ അതിലൂടെ ഉള്ള കാൽനടയാത്ര കൊല്ലം ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ (കൊല്ലം ജില്ലാ കളക്ടർ) 31.3.18 ലെ ഉത്തരവ് പ്രകാരം നിരോധിച്ചു. തുടർന്ന് പഞ്ചായത്തിന്റെ അപേക്ഷ പ്രകാരം കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് (KEL) എന്ന സ്ഥാപനം പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 1277149/- രൂപയുടെ എസ്റ്റിമേറ്റ് ഹാജരാക്കി. കൊല്ലം ജില്ലാ കളക്ടറുടെ ചേംബറിൽ 23.6.18ന് ചേർന്ന യോഗത്തിൽ പാലത്തിന്റെ അറ്റകുറ്റ പണികൾക്കായി 600000/- രൂപ കൊല്ലം ജില്ലാ പഞ്ചായത്തും 677149/- രൂപ കുളക്കട ഗ്രാമപഞ്ചായത്തും ചെലവഴിക്കാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണപ്രവർത്തനം സംബന്ധമായി 4.7.18 ൽ പഞ്ചായത്ത് KEL-മായി കരാർ ഉറപ്പിക്കുകയും 18-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തനത് ഫണ്ടിൽ നിന്നും 677149 / - രൂപ മുൻകൂറ് നൽകുകയും ചെയ്തു. എന്നാൽ 8/18 മാസത്തിൽ ഉണ്ടായ പ്രളയത്തിൽ പാലം പുനർനിർമ്മിക്കാൻ കഴിയാത്തവിധം തകർന്നു എന്ന പഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ പാലം നിർമ്മിച്ചു കിട്ടുന്നതിനായി സർക്കാരിലേക്ക് അപേക്ഷിക്കാൻ പഞ്ചായത്ത് കമ്മിറ്റി 3.9.18 ൽ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 677149/- രൂപ തിരികെ ലഭ്യമാക്കാൻ 25.3.19 ലെ കത്ത് പ്രകാരം KEL നോട് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെടുകയും ചെയ്തു. തുക നാളിതുവരെയും തിരികെ കിട്ടിയിട്ടില്ല എന്ന് 18.01.2020 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 4 ന് മറുപടിയായി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിർമ്മാണം സംബന്ധമായി കരാറിലേർപ്പെട്ട ശേഷം, പാലത്തിന്റെ പുനർനിർമ്മാണ സാധ്യതകൾ വീണ്ടും ആരായാതെയും, കരാർവച്ച കമ്പനിയുമായി ആലോചിക്കാതെയും നിർമ്മാണ പ്രവർത്തനത്തിൽനിന്നും ഏകപക്ഷീയമായി പിന്മാറിയ പഞ്ചായത്തിന്റെ നടപടി സ്വാഗതാർഹമല്ല. KEL ൽ നിന്നും തുക തിരികെ ലഭിക്കുന്നതിന് സമയപരിധി നിശ്ചയിച്ച്, അതിനുള്ളിൽ തുക തിരികെ ഈടാക്കുന്നതിന് ആവശ്യമായ അടിയന്തരനടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 പ്ലാസ്റ്റിക് റോഡ്നിർമ്മാണം-ടെക്നിക്കൽ സ്പെസിഫിക്കേഷൻ -508പ്രകാരമുള്ള സീൽകോട്ട് നിർമ്മിച്ചില്ല..

പദ്ധതി നമ്പർ – 88/18-19

എസ്റ്റിമേറ്റ് – 860000/-

ടി.എസ് നം – 13718/18-19, 17-5-18

ബിൽ നമ്പർ – 93/18-19, 21-2-19

കുളക്കണ്ടം കുമ്പഴഭാഗം റോഡ് മെയിന്റെനൻസ് എന്ന പ്രോജക്ടിന് അനിരുദ്ധൻ എന്ന കരാറുകാരനുമായി നമ്പർ -26/ae/lsgd/kda/17-18, 26-7-18 പ്രകാരം എഗ്രിമെൻറ് വച്ചിട്ടുണ്ട്. ടിയാൻ 858432/- മൂല്യത്തിൽ വർക്ക് പൂർത്തീകരിച്ച് 816142/- രൂപ കൈപ്പറ്റിയിട്ടുണ്ട്. എസ്റ്റിമേറ്റ് – അപ്പെൻഡിക്സ്-1-ലെ 4-ാം ഇനമായി കോഡ് നം-75-5–9-2.2PA പ്രകാരം ഷ്രഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ചിപ്പിംഗ് കാർപ്പെറ്റ് ചെയ്തിട്ടുണ്ട്. (plastic roads-bitumn s-65........ followed by seal coat of either type A or type B or type C as per specfication clause 508)

ടി ഇനത്തിന് ശേഷം ടെക്നിക്കൽ സ്പെസിഫിക്കേഷൻ-508 പ്രകാരമുള്ള സീൽകോട്ട് ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഐറ്റം-5 ആയി ഡി.എസ്.ആർ കോഡ്- 75-5-12a-3-2pb പ്രകാരമുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ -510 പ്രകാരമുള്ള സീൽകോട്ടാണ് ചെയ്തിട്ടുള്ളത്. (seal coat..........of either type A or type B or type C as per specfication clause-510) (ഐറ്റം5- 1800x68.96/m2=124128/-). ഇതുസംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് 508- സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഐറ്റം PRICE-സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് സാധാരണ റോഡിൽ ചെയ്യുന്ന സീൽകോട്ട് ചെയ്തത് എന്ന് മറുപടി ലഭ്യമാക്കി. പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിൽ നടപ്പാക്കുന്ന ചിപ്പിംഗ് കാർപ്പെറ്റിൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനനുസരിച്ച് നിശ്ചിത അളവ് ടാർ കുറച്ചാണ് ഉപയോഗിക്കുന്നത്. ആയതനുസരിച്ച് technical specfication clause-508 പ്രകാരമുള്ള 'സീൽകോട്ട്' ചെയ്യേണ്ടതാണ്. ടി സ്പെസിഫിക്കേഷൻ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനായി അധികൃതരുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 സ്മാർട്ട് ക്ലാസ്റൂം:(പ്രോജക്ട് നം: SO219) സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി 115440 / - രൂപായുടെ അധിക ചെലവ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – പഞ്ചായത്ത് സെക്രട്ടറി

അടങ്കൽ തുക – 1000000/- (മെയിന്റനൻസ് ഫണ്ട്)

ആകെ ചെലവ് – 991320 /- ( ബിൽനം: 427 / 16.3.19 )

കരാറുകാരൻ – കെ.എം ടെക്നോളജീസ്, കോട്ടയം.

പഞ്ചായത്ത് അതിർത്തിക്കുള്ളിലെ 6 പ്രൈമറി സ്കൂളുകളിലെ ആവശ്യത്തിന്3KVA യുപിഎസ്, ലാപ് ടോപ്പ് കമ്പ്യൂട്ടർ, മൾട്ടിമീഡിയ പ്രൊജക്റ്റർ, പ്രൊജക്റ്റർ സീലിങ് മൗണ്ട്കിറ്റ് എന്നിവ വാങ്ങുന്നതിനായി ഇ- ടെൻഡർ നടത്തി കെഎം ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തി. ഫയൽ ഓഡിറ്റിന് വിധേയമാക്കിയതിൽ, ടെൻഡർ ഷെഡ്യൂളിൽ നൽകിയിരുന്ന സ്പെസിഫിക്കേഷനെല്ലാംതന്നെ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 06.01.2018 ലെ സ.ഉ(സാധാ)നം.97/2018പൊ.വി.വ പ്രകാരമായിരുന്നു എന്ന് വ്യക്തമാകുന്നു. ഉപകരണങ്ങൾ ടെൻഡർ ഷെഡ്യൂൾ സ്പെസിഫിക്കേഷൻ പ്രകാരമാണ് വിതരണംചെയ്തിട്ടുള്ളതെന്ന്, കുളക്കട ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന വെട്ടിക്കവല ബ്ലോക്ക്പഞ്ചായത്ത് ടെക്നിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. എന്നാൽ വാങ്ങിയ ഉപകരണങ്ങളുടെ വില മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ വിലയിൽ നിജപ്പെടുത്തിയിട്ടില്ല. ലാപ് ടോപ്പ്, പ്രൊജക്റ്റർസ്ക്രീൻ, 3കെ.വി യു പി എസ്, വൈറ്റ് ബോർഡ്, പ്രൊജക്റ്റർ മൗണ്ട് കിറ്റ് എന്നിവ വാങ്ങുമ്പോൾ ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, നൽകാവുന്ന പരമാവധി വില, വിൽപ്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ആയിരിക്കണം എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. പ്രസ്തുത നിഷ്കർഷ പാലിക്കാതിരുന്നതു മൂലം 115440/- രൂപ അധികച്ചെലവ് ഉണ്ടായതായി ഓഡിറ്റ് കണക്കാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | അനുവദനീയ വില(including | അനുവദിച്ച വില(including | അധികമായിനൽകിയവില | എണ്ണം | ആകെ നൽകിയ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | GST) | GST) | | | അധികവില |
| 1 | Laptop Computer | 31000/- | 36100/- | 5100/- | 6 | 30600/- |
| 2 | Multi media Projector | 23860/- | 31600/- | 7740/- | 6 | 46440/- |
| 3 | Projectir ceilingmount kit | 4900/- | 4970/- | 70/- | 6 | 420/- |
| 4 | 3KVA UPS | 64270/- | 70100/- | 5830/- | 6 | 34980/- |
| 5 | Projector Screen | 2200/- | 2700/- | 500/- | 6 | 3000/- |
| | | | | | ആകെ | 115440/- |

അപാകതയ്ക്കുമേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 20.01.2020ൽ നൽകിയ 5-നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 21.01.2020ൽ സെക്രട്ടറി ലഭ്യമാക്കിയ കെ.4-504/ 2020 നമ്പർ കത്തിൽ, പ്രസ്തുത വാങ്ങാലിനായി നടത്തിയിട്ടുള്ള ടെൻഡർ നടപടിക്രമങ്ങളും, ആയതിന്റെ നാൾവഴിയും മാത്രമാണ് വിശദീകരിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. 115440/- രൂപ പദ്ധതി നിർവ്വഹണാധികാരിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്കുവരുത്തേണ്ടതാണ് .

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22-07-2019-23-07-2019 | കെ.എസ്.എ/കെ.എൽ.എം/ പി-11/1146/19/03-08-2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 127500 | നെൽകൃഷി വികസനം | 127500 | 0 |
| | | 97920 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 97920 | 0 |
| | | 1874200 | [illegible] | 1874200 | 0 |

| | | | | | |
|---|---|---|---|---|---|
| | | 1874200 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് | 1874200 | 0 |
| | | 300000 | പാലിന് സബ്സിഡ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | | 272952 | നെൽകൃഷി വികസനം | 272952 | 0 |
| | | 100000 | അനുപൂരക പോഷകാഹാരങ്ങൾ | 100000 | 0 |
| | | 100000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | | 795681 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് | 608463 | 187218 |
| | | 250000 | പാലിന് സബ്സിഡി | 250000 | 0 |

വാർഷിക ധനകാര്യപത്രിക R&P പത്രിക പ്രകാരം 2616214/- രൂപ വരവുണ്ട്. ആയതിൽ 216594/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുവെങ്കിലും ടി വരവ്, നീക്കിയിരിപ്പ് തുകയുടെ എല്ലാ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ | 21801403 | 1600000 | 1196200 | 403800 |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 21800362 | 100000 | 90841 | 9159 |
| കെ.ഇ.എൽ | നമ്പിമൺ കടവ് തൂക്കുപാലം അറ്റകുറ്റപ്പണി | 21800327 | 677149 | 0 | 677149 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ | 21801433 | 558302 | 558302 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6383387/-രൂപ വരവുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ.(എം-എസ്)111/2018/13.8.2018 | 6383387 | - | - | - | 6383387 |

.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-3 | 2015-16 | | കാർഷിക യന്ത്രവത്കരണം ലക്ഷ്യം നേടിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2010-11 | 3-9 | 2012-13 | | കുളക്കട പട്ടികജാതി സർവ്വീസ് സൊസൈറ്റിക്ക് പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2014-15 | 3-2 | 2016-17 | | പുത്തൂർ മാർക്കറ്റ് നവീകരണവും ഓപ്പൺ സ്റ്റാളും ഉടമസ്ഥാവകാശം ഉറപ്പ് വരുത്തിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 139466641 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 113106543 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 115440 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 277240 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 115440/- | ശ്രീമതി. ജെ. മേരിലത, സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 31240 | ശ്രീമതി. അനിത, അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 7000 | ശ്രീ. ഗണേഷ് കുമാർ. പി, കൃഷി ഓഫീസർ |
| 1-25 | 190000 | ഡോ. അഞ്ജു വിജയൻ, മെഡിക്കൽ ഓഫീസർ |
| 1-27 | 49000 | ശ്രീമതി. സരള. എ, ഹെഡ്മിസ്ട്രസ്സ് |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി. ജെ. മേരിലത, സെക്രട്ടറി | സെക്രട്ടറി, തേവലക്കര ഗ്രാമ പഞ്ചായത്ത് | പൊൻപുലരി, പള്ളിമശ്ശേരിൽ പി ഒ ശാസ്താംകോട്ട |
| 2 | ഡോ. അഞ്ജു വിജയൻ, മെഡിക്കൽ ഓഫീസർ | സി.എച്ച്.സി കുളക്കട | അജന്ത, കോട്ടുകാൽ പി ഒ ബാലരാമപുരം തിരുവനന്തപുരം |
| 3 | ശ്രീ. ഗണേഷ് കുമാർ. പി, കൃഷി ഓഫീസർ | വിരമിച്ച | ഗണേഷ് ഭവൻ പാണ്ടിത്തിട്ട |

| | | | |
|---|---|---|---|
| | | | തലവൂർ, അമ്പലനിരപ്പ് പി ഒ<br>കൊല്ലം |
| 4 | ശ്രീമതി. സരള. എ,<br>ഹെഡ്മിസ്ട്രസ്സ് | വിരമിച്ചു | ആരതി,<br>പൂവച്ചൽ കിഴക്ക്,<br>കലയപുരം. പി.ഒ. |
| 5 | ശ്രീമതി. അനിത,<br>അസ്സിസ്റ്റന്റ്<br>എഞ്ചിനീയർ | അയിരൂർ ഗ്രാമ<br>പഞ്ചായത്ത്,<br>പത്തനംതിട്ട. | സി4, BSNL സ്റ്റാഫ് ക്വാർട്ടേഴ്സ്,<br>ശങ്കേഴ്സ് ആശുപത്രിക്ക് സമീപം,<br>കൊല്ലം.<br>മൊബൈൽ നം. 9446906313 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | കെ.എസ്.എ/കെ.എൽ.എം/പി-11-399(3)/23-02-2018 |
| 1996-98 | കെ.എസ്.എ/കെ.എൽ.എം/പി-11-399(4)/23-02-2018 |
| 1998-99 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 1999-00 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2000-01 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2001-02 & 2002-03 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2003-04 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2004-05 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2005-06 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2006-07 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2007-08 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2008-09 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2009-10 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2010-11 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2011-12 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2012-13 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2013-14 & 2014-15 | കെ.എസ്.എ/കെ.എൽ.എം/പി-3/850/2016/02-06-2016 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം/പി-8-1755/16/27-12-2016 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം/പി-11-1959/2017/22-12-2017 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം/പി-11-221/19/12-04-2019 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# <u>അനുബന്ധം 1 സാക്ഷ്യപത്രം</u>

നം. കെ.എസ്.എ.കെ.എൽ.എം.പി11/391/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി - 17/06/2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുളക്കട ഗ്രാമ പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# അനുബന്ധം 2 ഓഡിറ്റ് പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം